കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 18 | ഡിസംബർ 31 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 വേങ്ങേരി അഗ്രി ഫെസ്റ്റ് കൃഷി വകുപ്പ് മന്ത്രി ശ്രീ. പി പ്രസാദ് ഉദ്ഘാടനം ചെയ്തു

6 ദേശീയ ഉപഭോക്തൃ ദിന ബോധവൽകരണ പരിപാടി സംഘടിപ്പിച്ചു

7 കേരരക്ഷാ വാരം

# റബ്ബർ കർഷകരുടെ സംരക്ഷണത്തിനായി പ്രത്യേക പാക്കേജ് ആവശ്യപ്പെട്ട്

## ബഹു. കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്

സ്വാഭാവിക റബ്ബറിന്റെ അനിയന്ത്രിതമായ ഇറക്കുമതി കാരണം ആഭ്യന്തര ഉൽപാദനത്തിൽ ഉണ്ടായ തകർച്ചയും ഉത്പാദന ക്ഷമതയിലുണ്ടായ ഇടിവും കാരണം പ്രതിസന്ധിയിലായ സംസ്ഥാനത്തെ റബർ കർഷകരുടെ സംരക്ഷണത്തിനായി ബഹു. കൃഷിമന്ത്രി ശ്രീ. പി പ്രസാദ്, കേന്ദ്രത്തോട് പ്രത്യേക പാക്കേജ് ആവശ്യപ്പെട്ടിരിക്കുകയാണ്. 2011 ജനവരിയിൽ 233 രൂപ വിലയെത്തിയ RSS-4 സ്വാഭാവിക റബ്ബർ പിന്നീട് ക്രമാതീതമായി വിലയിടിഞ്ഞ് ഇപ്പോൾ 136 രൂപയിലേക്ക് താഴ്ന്നിരിക്കുകയാണ്. ഈ പ്രതിസന്ധിഘട്ടത്തിലും കർഷകർ പിടിച്ചുനിൽക്കുന്നത് 2015 -16 വർഷം മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി ഒന്നുകൊണ്ട് മാത്രമാണ്. RSS-4 ഗ്രേഡ് റബ്ബറിന് ചെറുകിട ഇടത്തരം കർഷകർക്ക് 170 രൂപ ഉറപ്പു നൽകുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. എന്നാൽ സംസ്ഥാനത്തെ പ്രത്യേക സാഹചര്യമനുസരിച്ചും ഉത്പാദന ചെലവിലുണ്ടായ വർദ്ധനവു കാരണവും റബ്ബറിന് കുറഞ്ഞത് 250 രൂപയെങ്കിലും ലഭിക്കണമെന്നാണ് കർഷകർ ആവശ്യപ്പെടുന്നത്. നിലവിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് നല്ലൊരു വിഹിതം ഈ ഇനത്തിൽ മാത്രം നീക്കി വയ്ക്കേണ്ടി വരുമെന്നുള്ളതിനാൽ ചെറുകിട -ഇടത്തരം റബർ കർഷകരുടെ താൽപര്യ സംരക്ഷണത്തിനായി



പ്രത്യേകം പാക്കേജ് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കൃഷിമന്ത്രി ശ്രീ. പി പ്രസാദ്, കേന്ദ്ര വാണിജ്യ- വ്യവസായ വകുപ്പ് മന്ത്രി പിയൂഷ് ഘോയലിന് കത്ത് അയക്കുകയുണ്ടായി. പാക്കേജിലെ പ്രധാനപ്പെട്ട ആവശ്യകതകൾ താഴെ പറയുന്നവയാണ്.

1. സർക്കാർ തലത്തിൽ റബ്ബർ കർഷകർക്ക് പ്രത്യേക സംരക്ഷണം വേണം.
2. അസിയാൻ രാഷ്ട്രങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന സ്വാഭാവിക റബ്ബറിന് ഇറക്കുമതിച്ചുങ്കം ഏർപ്പെടുത്തണം.
3. പ്രൊഡക്ഷൻ ഇൻസെന്റീവ് കുറഞ്ഞത് 250 രൂപയെങ്കിലും ആക്കുന്നതിനുള്ള ധനസഹായം.
4. തോട്ടങ്ങളുടെ പുനരുജ്ജീവനത്തിന് ഹെക്ടറിന് 50,000 രൂപ ധനസഹായം.
5. ചെറുകിട -ഇടത്തരം കർഷകരുടെ താൽപര്യ സംരക്ഷണത്തിനായി നാഷണൽ റബ്ബർ പോളിസി രൂപീകരിക്കുക.
6. വിഭാവനം ചെയ്തിട്ടുള്ള ലൈവിലിഹുഡ് സെക്യൂരിറ്റി ബോക്സിൽ സ്വാഭാവിക റബ്ബറിനെ കൂടി ഉൾപ്പെടുത്തുക.
7. ലോക വ്യാപാര കരാറുകളിലും മറ്റു ദേശീയ -സ്വാതന്ത്ര്യ വ്യാപാര കരാറുകളിലും സ്വാഭാവിക റബ്ബറിനെ ഒരു കാർഷികോത്പന്നമായി പരിഗണിക്കുക.

സ്വാഭാവിക റബറിന്റെ വിലയിടിവ് സംസ്ഥാനത്തിന്റെ കാർഷിക സമ്പദ് വ്യവസ്ഥയെ ആകെ തകർത്തിരിക്കുകയാണെന്നും ബഹു. മന്ത്രി കത്തിൽ വ്യക്തമാക്കി.

സംസ്ഥാനത്തെ ആകെ റബർ വിസ്തൃതി 5.5 ലക്ഷം ആണ്. രാജ്യത്തെ റബർ ഉൽപാദനത്തിന്റെ 80 ശതമാനത്തിൽ അധികം ഉത്പാദനം നടത്തുന്ന കേരളത്തിൽ 87 ശതമാനവും ചെറുകിട- ഇടത്തരം യൂണിറ്റുകളാണ്. ഇത്തരത്തിൽ ഏകദേശം 8 ലക്ഷം ചെറുകിട ഉത്പാദക യൂണിറ്റുകളാണ് സംസ്ഥാനത്തുള്ളത്.

റബ്ബർ ഉൾപ്പെടെയുള്ള വിവിധ തോട്ടവിളകളുടെയും സുഗന്ധവിളകളുടെയും കാര്യത്തിൽ ഒന്നാം സ്ഥാനത്തുള്ള കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ

ചീഫ് എഡിറ്റർ - പത്മം എസ്.
എഡിറ്റർ - ഡോ. ബിന്ദു ഹാരിയറ്റ് ഐവാൻ
അസോസിയേറ്റ് എഡിറ്റർ - ബി.കെ. അനിൽ
അസിസ്റ്റന്റ് എഡിറ്റർ - മുഹമ്മദ് റിയാസ്

നട്ടെല്ല് തന്നെ ഈ കാർഷിക വിളക ളാണ്. ഇറക്കുമതി ചെയ്യുന്ന സ്വാഭാവിക റബ്ബറിന് നിയന്ത്രണമേർപ്പെടുത്തണമെ ന്നും വിവിധങ്ങളായ കാർഷികവിളകൾ ക്ക് താങ്ങുവില ഏർപ്പെടുത്തണ മെന്ന മുള്ള സംസ്ഥാനത്തിന്റെ ആവശ്യം പലതവണ കേന്ദ്രത്തിനെ ബോധ്യ പ്പെടുത്തിയിട്ടുണ്ടെങ്കിലും കൊപ്രയുടെ കാര്യത്തിൽ മാത്രമാണ് താങ്ങുവില പ്രഖ്യാപനം ഉണ്ടായത്. എന്നാൽ സംസ്ഥാനത്തെ ഉയർന്ന ഉൽപാദന ചെലവ് പരിഗണിക്കുമ്പോൾ അതും അപര്യാപ്തമാണെന്ന് മനസ്സിലാക്ക വാൻ കഴിയും. ഈ സാഹചര്യത്തിൽ തുടർച്ചയായ പ്രകൃതി ദുരന്തങ്ങളാലും മറ്റ് പ്രതിസന്ധികളാലും മന്ദഗതിയിൽ ആയ സംസ്ഥാനത്തിന്റെ കാർഷിക സമ്പദ് വ്യവസ്ഥയെ സംരക്ഷിക്കുന്നതി നുതകുന്ന നടപടികളാണ് കേന്ദ്രത്തിൽ നിന്നും പ്രതീക്ഷിക്കുന്നതെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

# വേങ്ങേരി അഗ്രി ഫെസ്റ്റ് കൃഷിവകുപ്പ് മന്ത്രി ശ്രീ. പി പ്രസാദ് ഉദ്ഘാടനം ചെയ്തു

വേങ്ങേരി അഗ്രി ഫെസ്റ്റ് 2022 ഉദ്ഘാടനം കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിച്ചു. കാർഷിക ഉത്പന്നങ്ങൾക്ക് വിപണി ഉറപ്പുവരു ത്തുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കർഷകർക്ക് അവരവരുടെ ഉത്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പാക്കുന്നതിനും വേങ്ങേരി നഗര കാർഷിക വിപണന കേന്ദ്രത്തിന് സാധിച്ചിട്ടുണ്ട്. ഇതിന്റെ പ്രയോജനം കൂടുതൽ കർഷകരിലേക്കും ജനങ്ങളിലേ ക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. കർഷകന് കാർഷികോൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുകയും ഉപഭോക്താക്കൾ ക്ക് വിഷരഹിതമായ ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുകയും ചെയ്യുക എന്നത് വളരെ പ്രധാനപ്പെട്ട ദൗത്യമാണ്. അഗ്രി ഫെസ്റ്റ് പോലെയുള്ള പരിപാടികൾ ഈ സന്ദേശം ജനങ്ങളിൽ എത്തിക്കു ന്നതിന് ഏറെ പ്രയോജനപ്രദമാണെ ന്ന് മന്ത്രി പറഞ്ഞു.

10 ദിവസം നീണ്ടുനിൽക്കുന്ന അഗ്രി ഫെസ്റ്റിനാണ് വേങ്ങേരി അഗ്രി ഫെസ്റ്റ് രൂപം കൊടുത്തിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഫ്ലവർ ഷോ, കാർഷിക- കാർഷികേതര വിപണന വും പ്രദർശനവും, നാട്ടുചന്ത, കാർഷിക സെമിനാറുകൾ, ഫുഡ് കോർട്ട്, അമ്യൂ സ്മെന്റ് പാർക്ക്, അലങ്കാര മത്സ്യപ്രദർ ശനം, കുട്ടികൾക്കുള്ള വിനോദ പരിപാ ടികൾ തുടങ്ങിയവ വേങ്ങേരി അഗ്രി ഫെസ്റ്റിൻ്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

വേങ്ങേരി നഗര കാർഷിക മൊത്ത വിപണന കേന്ദ്രത്തിൽ വച്ച് നടന്ന പരിപാടിയിൽ എം എൽ എ തോട്ടത്തിൽ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. വേങ്ങേരി മാർക്കറ്റ് സെക്രട്ടറി രമാദേവി പി ആർ സ്വാഗതം പറഞ്ഞു. കോഴിക്കോട് കോർപ്പറേഷൻ മേയർ ബീന ഫിലിപ്പ്, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഷീജ ശശി കൃഷിവകുപ്പ് ഡയറക്ടർ ജോർജ് അലക്സാണ്ടർ, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ മിനി ഇ എസ്, വേങ്ങേരി മാർക്കറ്റ് അസിസ്റ്റന്റ് സെക്രട്ടറി അജയ് അലക്സ്, വ്യാപാരി വ്യവസായി ഏകോപന സമിതി പ്രതി നിധികൾ, ത്രിതല ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ എന്നിവർ പങ്കെ ടുത്തു. അഗ്രി ഫെസ്റ്റ് ചെയർമാൻ കെ ജയൻ നന്ദി പറഞ്ഞു.

# കേര ഗ്രാമങ്ങൾ സ്വന്തമായ ബ്രാൻഡിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കണം : മന്ത്രി ശ്രീ. പി പ്രസാദ്

കൃഷിക്കാരന് കാർഷികോൽപ്പന്ന ങ്ങൾക്ക് ഉയർന്ന മൂല്യം ലഭിക്കണ മെങ്കിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമാണത്തിലൂടെയും വിപണനത്തി ലൂടെയും മാത്രമാണ് സാധ്യമാവുക. കൃഷികൊണ്ട് അന്തസാർന്ന ജീവിതം നയിക്കാൻ കൃഷിക്കാരന് കഴിയണം. ശാസ്ത്രീയമായ കൃഷിരീതികൾ അവ ലംബിക്കുന്ന അതിലൂടെ യും യന്ത്ര വൽകരണത്തിലൂടെയും നാളികേര ഉത്പാദനം വർധിപ്പിക്കാൻ കഴിയും. മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ ഉൽ പാദനം വിപണനം എന്നിവയിൽ കൃ ഷിക്കാരൻ നിപുണത ആർജിക്കാൻ വേണ്ടുന്ന പദ്ധതികൾക്ക് മുൻതൂക്കം നൽകണം. മൂല്യ വർദ്ധിത ഉൽപ്പന്ന ങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ ശാസ്ത്രീയ പരിശീലനം തദ്ദേശീയമായി തന്നെ നൽകും.

നാളികേര കൃഷിയുടെ ഉൽപ്പാദന വും ഉത്പാദനക്ഷമതയും വര്ദ്ധിപ്പിച്ച് കേരകര്ഷകരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി, സംസ്ഥാന കാര്ഷിക വികസന കർഷക ക്ഷേമ വകുപ്പ് നട പ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം കുറ്റിപ്പാല എം എം പാലസ് ഓഡിറ്റോറിയത്തിൽ വച്ച് നിർവഹിച്ചു കൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

നാളികേര ഉൽപാദനത്തിൽ നാം ഇനിയും മുന്നേറേണ്ടതുണ്ട്.കേരഗ്രാ മം പദ്ധതിയിലൂടെ നാളികേരത്തിന്റെ ഉത്പാദനം ഗണ്യമായി വർധിപ്പിക്കാൻ കഴിയും. നാളികേര കർഷകർക്കു ഗുണപ്ര ദമാകുന്ന എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്യുന്നുണ്ട്. മന്ത്രി അഭിപ്രായപെട്ടു.

ചടങ്ങിൽ തിരൂരങ്ങാടി എം .എൽ.എ കെ പി എ മജീദ് അധ്യ ക്ഷത വഹിച്ചു. മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസർ സി.പി.സൈബുന്നിസ പദ്ധതി വിശദീകരണം നടത്തി. കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരായ എസ് ബീന, മുഹമ്മദ് സക്കീർ എൻ എം, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബാബു ഷക്കീർ പി ഇ, മറ്റ് ത്രിതല ഗ്രാമപഞ്ചാ യത്ത് ജനപ്രതിനിധികൾ, രാഷ്ട്രീയ പ്രതിനിധികൾ, കർഷകർ എന്നിവർ പങ്കെടുത്തു. പഞ്ചായത്ത് പരിധിയിലെ മികച്ച കർഷകരെ ചടങ്ങിൽ ആദരിച്ചു. ചടങ്ങിനോട് അനുബന്ധിച്ച് നടന്ന സെമിനാറിൽ ആനക്കയം കാർഷിക ഗവേഷണ കേന്ദ്രം ഓഫീസർ ഈ ജുബൈൽ ക്ലാസ്സെടുത്തു. പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ലിബാസ് മൊയ്തീൻ സ്വാഗതവും കൃഷി ഓഫീസർ റിഷ്ലാ പുളിക്കൽ നന്ദിയും പറഞ്ഞു.

# കമ്മോഡിറ്റി ബോർഡുകൾ നിഷ്പ്രഭമാക്കുന്നതിനുള്ള തീരുമാനത്തിൽ നിന്നും കേന്ദ്രം പിന്മാറണം : ബഹു. കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

സംസ്ഥാനത്തെ ഭൂരിഭാഗം ചെറുകിട നാമമാത്ര കർഷകരുടെയും പ്രധാന ഉപജീവനമാണ് തോട്ടവിളകൾ എന്നും ഇത്തരം വിളകളുടെ സംരക്ഷണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള വിവിധ കാർഷിക കമ്മോഡിറ്റി ബോർഡുകളെ ഇല്ലാതാക്കാനുള്ള ശ്രമം കർഷക വിരുദ്ധമാണെന്നും ബഹു. കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു. കൃഷിയുമായി ബന്ധപ്പെട്ട വിവിധ കമ്മോഡിറ്റി ബോർഡുകൾ കാര്യക്ഷമമല്ലെന്നും അവ പിൻവലിക്കണമെന്നുമുള്ള നീതി ആയോഗ് ശുപാർശമേൽ പ്രതിഷേധ മറിയിച്ചുകൊണ്ട് ബഹു. കൃഷി മന്ത്രി ബഹു. കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പിയുഷ് ഘോയലിനു അയച്ച കത്തിലാണ് ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.

നീതി ആയോഗ് റിപ്പോർട്ട് പ്രകാരം റബർ ബോർഡ്, സ്പൈസസ് ബോർഡ്, ടീ ബോർഡ്, കോഫി ബോർഡ്, ഏലം ബോർഡ് തുടങ്ങിയ വിവിധ കാർഷിക ബോർഡുകൾ റദ്ദാക്കുന്നതിനുള്ള കരടു ബില്ലുകൾ എതിർക്കപ്പെടേണ്ടതാണെന്ന് മന്ത്രി പറഞ്ഞു.

1947 ലെ റബ്ബർ ആക്ട് പ്രകാരമാണ് റബ്ബർ ബോർഡ് നിലവിൽ വരുന്നത്. റബർ ആക്ട് എടുത്തു മാറ്റുന്നതിനായി ഒരു കരട് ബില്ല് കേന്ദ്രം പുറത്തിറക്കിയിട്ടുള്ളതിലെ ആശങ്കകൾ ഇതിനകം തന്നെ സംസ്ഥാനം കേന്ദ്രത്തെ അറിയിച്ചിട്ടുള്ളതാണ്.

രാജ്യത്തെ വിവിധങ്ങളായ കാർഷിക വിളകളുടെ ഉത്പാദന വർദ്ധനവ്, വാണിജ്യ പ്രോത്സാഹനം, കർഷകർക്കുള്ള മറ്റു സാങ്കേതിക ഉപദേശങ്ങൾ നൽകൽ എന്നീ ലക്ഷ്യങ്ങളോടു കൂടിയാണ് കമ്മോഡിറ്റി ബോർഡുകൾ സ്ഥാപിതമായിട്ടുള്ളത്. കഴിഞ്ഞ ഏഴ് പതിറ്റാണ്ടായി ഈ സ്ഥാപനങ്ങളുടെ ഇടപെടലുകൾ ഗണ്യമായ പുരോഗതിയാണ് കാർഷിക മേഖലയിൽ ഉണ്ടാക്കിയിട്ടുള്ളത്. റബ്ബർ ബോർഡിന്റെയും സ്പൈസസ് ബോർഡിന്റെയും ഹെഡ് ക്വാർട്ടേഴ്സ് സ്ഥിതിചെയ്യുന്നത് കേരളത്തിലാണ്. കേരളത്തിൽ ഈ രണ്ട് വിളകളുടെയും വിസ്തൃതിയാവട്ടെ യഥാക്രമം 5.5 ലക്ഷം ഹെക്ടറും 1.64 ലക്ഷം ഹെക്ടറുമാണ്. സംസ്ഥാനത്തെ കർഷകരുടെ ജീവിത സാഹചര്യത്തിനനുസരിച്ച് തന്നെ ഈ വിളകളുടെ ഉത്പാദന ചെലവും വളരെ കൂടുതലാണ്. പരമ്പരാഗത റബ്ബർ കൃഷിയിൽ മുൻനിരയിൽ നിൽക്കുന്ന രണ്ട് സംസ്ഥാനങ്ങളാണ് കേരളവും തമിഴ്നാടും. ഇപ്പോൾ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്കും റബർകൃഷി വ്യാപിച്ചിട്ടുണ്ട്. 2015 ൽ തന്നെ റബ്ബർ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിച്ച ഭാരതം, ഉത്പാദന ക്ഷമതയുടെ കാര്യത്തിൽ ഒന്നാമതുമാണ്. എന്നാൽ റബർ കർഷകർക്ക് മതിയായ പിന്തുണ സർക്കാരിന്റെ ഭാഗത്തുനിന്നും ലഭിക്കാത്തതുകൊണ്ടും, അനിയന്ത്രിതമായുള്ള ഇറക്കുമതി പ്രോത്സാഹനത്താലും ഉൽപാദനത്തിന്റെ കാര്യത്തിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളിലായി ക്രമാതീതമായ കുറവ് വന്നിട്ടുണ്ട്. വ്യവസായ മേഖലയിലെ ഒരു വിഭവം എന്ന നിലയിൽ റബ്ബറിന്റെ ഈ പ്രതിസന്ധി ആ മേഖലയിലും കനത്ത പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നതിൽ സംശയമില്ല. 1947ൽ നിലവിൽ വന്ന റബ്ബർ ആക്ടിന്റെ ലക്ഷ്യങ്ങൾ പൂർണ രൂപത്തിൽ നമുക്ക് കൈവരിക്കാൻ ആയിട്ടില്ല എന്നുതന്നെ പറയാം.

ടയർ നിർമ്മാതാക്കൾ റബർ ഉൽപാദനം അവരുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനായി ത്രിപുര അടക്കമുള്ള സംസ്ഥാനങ്ങളിൽ ഏകദേശം രണ്ട് ലക്ഷം ഹെക്ടർ റബർ കൃഷിക്ക് പിന്തുണ നൽകുന്നു എന്നതാണ് വാർത്തകൾ സൂചിപ്പിക്കുന്നത്. പരമ്പരാഗത മേഖലകളിൽ നിന്നും റബർ ഉൽപാദനം ക്രമേണ മറ്റു മേഖലകളിൽ ഭൂരിപക്ഷം ആക്കികൊണ്ട് റബ്ബർ ബോർഡിന്റെ പ്രവർത്തനങ്ങളെ പാർശ്വ വൽക്കരിക്കുന്നതിനുള്ള ഒരു മാഫിയ ഇതിന് പിന്നിൽ ഉണ്ടെന്നാണ് അറിയുവാൻ കഴിഞ്ഞത്.

റബർ ബോർഡ്, സ്പൈസസ് ബോർഡ് എന്നിവ ഇല്ലാതായാൽ അത് ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുക സംസ്ഥാനത്തെ ചെറുകിട ഇടത്തരം കർഷകരെയാണ്. റബ്ബർ കൃഷി വിസ്തൃതിയുടെ 67 ശതമാനവും ഉത്പാദനത്തിന്റെ 75 ശതമാനവും വരുന്നത് കേരളത്തിലാണ്. രാജ്യത്തെ റബ്ബർ കൃഷിയുടെ 90% വും ചെറുകിട കർഷകരുടെ കയ്യിലാണ്. അതിൽ തന്നെ 10 ലക്ഷം കൃഷിയിട യൂണിറ്റുകളാണ് കേരളത്തിൽ മാത്രമായിട്ടുള്ളത്. സംസ്ഥാനത്തെ കർഷകരുടെ ശരാശരി റബ്ബർ വിസ്തൃതി 0.57 ഹെക്ടറാണ്. വൻകിട തോട്ടങ്ങളെ അപേക്ഷിച്ച് ചെറുകിട ഇടത്തരം തോട്ടങ്ങളിലെ ചെലവും താരതമ്യേന കൂടുതലാണ്. വർധിച്ച കൂലി ചെലവും തുടർച്ചയായി ഉണ്ടായിട്ടുള്ള പ്രകൃതി ദുരന്തങ്ങളും ഈ മേഖലയെ കൂടുതൽ പ്രതിസന്ധിയിൽ ആക്കിയിട്ടുണ്ട്. ഇത്തരം പ്രതിസന്ധികൾക്കിടയിലും സംസ്ഥാനത്തെ കർഷകർ പിടിച്ചുനിൽക്കുന്നത് കൃഷിവകുപ്പ് മുഖാന്തിരം റബർ ബോർഡ് നൽകുന്ന 170 രൂപ പ്രൊഡക്ഷൻ ഇൻസെന്റീവ്, പുതിയ തോട്ടങ്ങൾക്കും തോട്ടങ്ങളുടെ പുനരുജീവനത്തിനുമായി ബോർഡ് നൽകുന്ന 25000/- രൂപ,മറ്റു വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, ഉത്പാദന വർദ്ധനവിനുള്ള പദ്ധതികൾ എന്നിവ ഒന്നുകൊണ്ടു മാത്രമാണ്. സുഗന്ധവ്യഞ്ജനങ്ങളുടെ കാര്യത്തിലും സ്ഥിതി ഇതുതന്നെയാണ്. കർഷകരുടെ പ്രധാന വരുമാന മാർഗം എന്നതിലുപരി വിദേശനാണ്യവും നേടിത്തരുന്ന വിളകൾ കൂടിയാണ് സുഗന്ധ വർഗവിളകൾ. കുരുമുളകിന്റെ 70% ഉത്പാദനവും കേരളത്തിൽ നിന്നുമാണ്. രാജ്യത്തിനു തന്നെ ധാരാളം വരുമാനം നേടി കൊടുക്കുന്ന മറ്റൊരു ഉത്പന്നമാണ് ഏലം. കൂടാതെ ഗ്രാമ്പൂ, ജാതി, വാനില തുടങ്ങി ധാരാളം സുഗന്ധവിളകൾ സംസ്ഥാനത്തെ ചെറുകിട -ഇടത്തരം കർഷകരുടെ പ്രധാന വരുമാന മാർഗം കൂടിയാണ്.

സുഭിക്ഷ കേരളം, ഞങ്ങളും കൃഷിയിലേക്ക് എന്നീ പ്രവർത്തനങ്ങളിലൂടെ കാർഷിക മേഖലയിൽ പുനരുജ്ജീവനം കൈവരിക്കുവാനുള്ള ശ്രമങ്ങളാണ് സംസ്ഥാന സർക്കാരും കൃഷിവകുപ്പും നടത്തുന്നത്. ഈ അവസരത്തിൽ കർഷകർക്കു കൈത്താങ്ങായി അവർക്ക് സമാശ്വാസം പകരുന്ന തീരുമാനങ്ങളും സഹായങ്ങളുമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും പ്രതീക്ഷിക്കുന്നതെന്നും മന്ത്രി കത്തിൽ വ്യക്തമാക്കി.

# കാർഷിക യന്ത്ര വൽക്കരണ ഉപ പദ്ധതി (SMAM)

കാർഷികമേഖലയിൽ ചെലവു കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്ര വൽക്കരണ ഉപ പദ്ധതി SMAM) ഈ പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തരം വിളസംസ്കരണ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഇതനുസരിച്ച് വ്യക്തിഗത ഉണഭോക്താക്കൾക്ക് 40% മുതൽ 60% വരെയും കർഷകരുടെ കൂട്ടായ്മകൾ, FPO കൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെന്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40% സാമ്പത്തിക സഹായവും, യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് 10 ലക്ഷം രൂപയുടെ പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 8 ലക്ഷം രൂപ സാമ്പത്തിക സഹായവും അനുവദിക്കുന്നു.

ഈ പദ്ധതി പൂർണ്ണമായും ഓൺലൈനായാണ് നടപ്പിലാക്കുന്നതെന്നതിനാൽ കർഷകർക്ക് സർക്കാർ ഓഫീസുകളിൽ പോകേണ്ടതില്ല. ഈ പദ്ധതിയിൽ അംഗമാകുന്നതിന് http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. 2022-2023 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈൻ ആയി ഈപോർട്ടലിൽ 30.09.2022 മുതൽ നൽകാവുന്നതാണ്. കാർഷിക യന്ത്രവൽക്കരണ പദ്ധതിയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ 0471-2306748, 9497003097, 8943485023, 9895440373, 9567992358 എന്നീ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

# അതി ദരിദ്ര കുടുംബങ്ങൾക്ക് പശു 90% സബ്സിഡിയിൽ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിക്കും ബഹു. മന്ത്രി ശ്രീമതി. ജെ.ചിഞ്ചു റാണി



അതി ദരിദ്ര കുടുംബങ്ങൾക്ക് ഒരു പശു 90 ശതമാനം സബ്സിഡി നിരക്കിൽ കൊടുക്കുന്ന പുതിയ ഒരു പദ്ധതിക്ക് തുടക്കം കുറിക്കുകയാണ് എന്ന് ബഹു. ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചു റാണി പറഞ്ഞു. നന്മണ്ട 13 വെച്ച് നടന്ന കോഴിക്കോട് ജില്ല ക്ഷീര കർഷക സംഗമത്തിന്റെയും ഏഴുകുളം ക്ഷീരസംഘം കെട്ടിടത്തിന്റെയും ഉദ്ഘാടനം സംയുക്തമായി നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിലെ ക്ഷീര കർഷകർക്ക് ആശ്വാസം ആകുന്ന രീതിയിൽ കാലിത്തീറ്റ ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ കേരളത്തിൽ യാഥാർഥ്യമാക്കും.

കുറഞ്ഞ ചെലവിൽ കാലിത്തീറ്റ ലഭ്യമാക്കും. കാലിത്തീറ്റ നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളും മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കുറഞ്ഞ ചെലവിൽ കേരളത്തിലേക്ക് എത്തിക്കും. ക്ഷീരകർഷകർക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനും പാൽ ഉൽപാദനം വർധിപ്പിക്കുന്നതിനും പദ്ധതി സഹായകമാകും. മന്ത്രി പറഞ്ഞു.

കന്നു കാലികൾക്കും മറ്റു വളർത്തു മൃഗങ്ങൾക്കും പെട്ടന്ന് ഉണ്ടാകുന്ന അസുഖങ്ങൾക്കും കുത്തിവയ്പ്പിനും മറ്റു അത്യാഹിത സന്ദർഭങ്ങളിലും മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റിന്റെ സേവനം എല്ല ജില്ലകളിലും നടപ്പാക്കും.

24 മണിക്കൂറും സേവന സജ്ജമായ ടെലി വെറ്റിനറി യൂണിറ്റ് ക്ഷീര കർഷരുടെ വീട്ടുമുറ്റത്ത് അത്യാവശ്യഘട്ടങ്ങളിൽ എത്തിക്കുകയാണ് ഉദ്ദേശ്യം. പാലുത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള വഴിയിലാണ് സംസ്ഥാനം. ക്ഷീര മേഖലയുടെ വികസനത്തിനായി വകുപ്പും സ്ഥാപനങ്ങളും ഊർജസ്വലമായ പ്രവർത്തനമാണ് നടത്തുന്നത്. മുഴുവൻ സമയ ഡോക്ടർ സേവനം ലഭ്യമാകുന്ന വെറ്റിനറി ആരോഗ്യ കേന്ദ്രങ്ങൾ ബ്ലോക്ക് തലത്തിൽ നടപ്പാക്കി. ഏത് സ്ഥലത്തും എത്താൻ സാധിക്കുന്ന എല്ലാവിധ ചികിത്സ സൗകര്യങ്ങളോടും കൂടിയ ടെലി വെറ്റിനറി വാഹന സൗകര്യ പദ്ധതിയും യാഥാർഥ്യമാകുകയാണ്. ക്ഷീരഗ്രാമം പദ്ധതി 20 പഞ്ചായത്തുകളിലേക്ക് കൂടി വ്യാപിക്കും. ഓരോ പഞ്ചായത്തിനും 50 ലക്ഷം രൂപ അതിനായി നീക്കി വയ്ക്കും. കേന്ദ്ര-സംസ്ഥാന സഹായത്തോടെ ഇൻഷുറൻസ് പദ്ധതി പരിഷ്കരിക്കും. മെഡിക്കൽ കോർപ്പറേഷൻ വഴി മരുന്ന് എല്ലാ ജില്ലകളിലും എത്തിച്ചിട്ടുണ്ട് മരുന്നിന് ഒരു ക്ഷാമവും ഉണ്ടാകില്ല.

ചടങ്ങിൽ ബഹു. വനം വന്യജീവി വകുപ്പ് മന്ത്രി ശ്രീ. എ.കെ ശശീന്ദ്രൻ അധ്യക്ഷനായിരുന്നു.

സംസ്ഥാനത്ത് ക്ഷീരവികസന മേഖല ശ്രദ്ധേയമായ മുന്നേറ്റങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും ക്ഷീര മേഖലയെ സ്വയം പര്യാപ്തതയിൽ എത്തിക്കാനും ക്ഷീരകർഷകരുടെ അവകാശ സംരക്ഷണത്തിനായി മാതൃകാപരമായ പ്രവർത്തനമാണ് ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്നതെന്നും മന്ത്രി ശ്രീ. എ.കെ ശശീന്ദ്രൻ പറഞ്ഞു.

ക്ഷീരവികസന വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീമതി. സിൽവി മാത്യു റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലയിലെ മുതിർന്ന ക്ഷീരകർഷകനെയും മികച്ച കർഷകരെയും ഇന്ത്യയിലെ ക്ഷീര മേഖലയിലെ മികവിന് നൽകുന്ന ഗോപാൽ രത്ന പുരസ്ക്കാരത്തിൽ അഞ്ചാം സ്ഥാനം ലഭിച്ച കൊടുവള്ളി ബ്ലോക്കിലെ മൈക്കാവ് ക്ഷീരസംഘത്തെയും ചടങ്ങിൽ ആദരിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഷീജ ശശി, കെസിഎംഎംഎഫ് ചെയർമാൻ കെ.എസ് മണി, കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് ചെയർമാൻ ശ്രീ. വി.പി ഉണ്ണികൃഷ്ണൻ, ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. പി. സുനിൽകുമാർ, വിവിധ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ത്രിതല പഞ്ചായത്ത് ഭാരവാഹികൾ, മിൽമ ഭാരവാഹികൾ, വിവിധ ക്ഷീരസംഘം പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടിയെ പ്രതിനിധികൾ, ക്ഷീര കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

ഏഴകുളം ക്ഷീരസംഘം പ്രസിഡന്റ് ശ്രീ. പി ശ്രീനിവാസൻ മാസ്റ്റർ സ്വാഗതവും ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ രശ്മി ആർ നന്ദിയും പറഞ്ഞു. തുടർന്ന് നടന്ന ക്ഷീര കർഷക സെമിനാറിൽ യാൻസി മേരി ഐസക് വിഷയാവതരണം നടത്തി. കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പൽ ശ്രീമതി. ഷൈജി കെ.എം. മോഡറേറ്ററായിരുന്നു. ശ്രീമതി. ജീജ കെ.എം., ശ്രീമതി. ശ്രീകാന്തി എൻ എന്നിവർ സംസാരിച്ചു.



# ദേശീയ ഉപഭോക്തൃ ദിന ബോധവൽകരണ പരിപാടി സംഘടിപ്പിച്ചു

ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിംഗ് ആൻഡ് ഇൻസ്പെക്ഷൻ ഓഫീസ് കൊച്ചിയുടെയും അഗ്രികൾച്ചർ ഹോൾസെയിൽ മാർക്കറ്റ് വേങ്ങേരിയുടെയും നേതൃത്വത്തിൽ ദേശീയ ഉപഭോക്തൃ ദിനം ആഘോഷിച്ചു.

വേങ്ങേരി മാർക്കറ്റിൽ വച്ച് നടന്ന പരിപാടി കൺസ്യൂമർ ഡിസ്പ്യൂട്ട് റിഡ്രസ്സൽ കമ്മീഷൻ മെമ്പർ ശ്രീ. ബി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഉപഭോക്താക്കൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെക്കുറിച്ചും അവർക്ക് ലഭ്യമാകുന്ന നിയമപരിരക്ഷയെക്കുറിച്ചും ഉപഭോക്താവ് ബോധവാന്മാരായിരിക്കണം. കേന്ദ്ര-സംസ്ഥാന ഏജൻസികൾ സാക്ഷ്യപ്പെടുത്തിയ ഗുണനിലവാരമുള്ള സാധനങ്ങൾ വാങ്ങുന്നതിൽ ഉപഭോക്താക്കൾ ശ്രദ്ധിക്കണം. ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു




ഉപഭോക്താവിന്റെ അവകാശങ്ങളെ കുറിച്ചും ഉത്തരവാദിത്വങ്ങളെ കുറിച്ചും ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിംഗ് ആൻഡ് ഇൻസ്പെക്ഷൻ കൊച്ചി മേഖല ഓഫീസ് ഡെപ്യൂട്ടി അഗ്രികൾച്ചറൽ മാർക്കറ്റിംഗ് അഡ്വൈസർ ഡോ. അനിൽകുമാർ സംസാരിച്ചു.

കോഴിക്കോട് ലീഗൽ മെട്രോളജി ഇൻസ്പെക്ടർ എസ് ഷാജിർ കോഴിക്കോട് ഫുഡ് സേഫ്റ്റി ഓഫീസർ ഡോ. വിഷ്ണു എസ് ഷാജി, റീജിയണൽ അഗ്മാർക്ക് ലബോറട്ടറി സീനിയർ സയിന്റിസ്റ്റ് ശ്രീ. കെ ജയൻ, മാർക്കറ്റിംഗ് ഓഫീസർ ശ്രീ. എൽ.രാജശേഖരൻ എന്നിവർ ക്ലാസ് എടുത്തു.

കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ഇ.എസ്. മിനി സ്വാഗതവും നഗര കാർഷിക മൊത്ത വിപണന കേന്ദ്രം സെക്രട്ടറി ശ്രീമതി. പി.ആർ. രമാദേവി നന്ദിയും പറഞ്ഞു.

# ഇസ്രായേൽ കൃഷി മാതൃകകൾ പഠിക്കാൻ അവസരം – അപേക്ഷ തീയതി ജനുവരി 12 വരെ നീട്ടി

ഇസ്രായേൽ കൃഷി മാതൃകകൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി കൃഷി വകുപ്പ് സംസ്ഥാനത്തെ കർഷകർക്കായി ഒരുക്കിയിട്ടുള്ള പഠനയാത്രയ്ക്ക് അപേക്ഷിക്കുവാനുള്ള തീയതി ജനുവരി 12 വരെ നീട്ടിയതായി കൃഷി ഡയറക്ടർ അറിയിച്ചു.

കാർഷിക മേഖലയിൽ അതിനൂതന സാങ്കേതികവിദ്യകളുടെ സഹായത്തോടെ കൃഷിചെലവ് കുറയ്ക്കുകയും ഉയർന്ന ഉത്പാദനക്ഷമത കൈവരിക്കുകയും ചെയ്യുക എന്നത് കർഷക സമൂഹം ആകാംക്ഷയോടെ നോക്കിക്കാണുന്ന വിഷയമാണ്, മാത്രമല്ല ഇത് കാലഘട്ടത്തിന്റെ കൂടി ആവശ്യകതയാണ്. ഇത്തരം സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിന് മുൻനിരയിൽ നിൽക്കുന്ന രാഷ്ട്രങ്ങളിൽ ഒന്നാണ് ഇസ്രായേൽ. വാട്ടർ മാനേജ്മെന്റ്, റീസൈക്ലിങ് ടെക്നിക്കുകൾ, മൈക്രോ ഇറിഗേഷൻ സിസ്റ്റം, കാലാവസ്ഥ അനുരൂപ കൃഷി മാതൃകകൾ,ഹൈടെക് കൃഷി രീതികൾ, പോളി ഹൗസ് എന്നീ മേഖലകളിലെ ഇസ്രായേൽ സാങ്കേതികവിദ്യകൾ പ്രസിദ്ധമാണ്. ഇത്തരം സാങ്കേതികവിദ്യകൾ നേരിട്ടു കണ്ടു മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും ഉള്ള സുവർണ്ണ അവസരമാണ് കൃഷിവകുപ്പ് സംസ്ഥാനത്തെ കർഷകർക്കായി സജ്ജീകരിച്ചിരിക്കുന്നത് .

ഇസ്രായേലിയൻ സാങ്കേതികവിദ്യകൾ മനസ്സിലാക്കി അതു ഇവിടത്തെ കൃഷിയിടങ്ങളിൽ പ്രായോഗികമാക്കുന്നതിന് താല്പര്യമുള്ള കർഷകരെ തെരഞ്ഞെടുത്ത് ഇസ്രായേലിലേക്ക് അയക്കുന്നതിനാണ് കൃഷിവകുപ്പ് തീരുമാനിച്ചിട്ടുള്ളത്. താല്പര്യമുള്ള കർഷകർ ജനുവരി 12ന് മുൻപായി കൃഷിവകുപ്പിന്റെ എയിംസ് പോർട്ടൽ (www.aimsnew.kerala.gov.in )മുഖേന അപേക്ഷ സമർപ്പിക്കണം. പരമാവധി 20 കർഷകർക്കാണ് അവസരം ലഭിക്കുക. 10 വർഷത്തിനു മുകളിൽ കൃഷി പരിചയവും ഒരു ഏക്കറിന് മുകളിൽ കൃഷിയുമുള്ള 50 വയസ്സിന് താഴെയുള്ള ഇന്നവേറ്റീവ് കർഷകരെ ആയിരിക്കും പഠനയാത്രയ്ക്കായി തെരഞ്ഞെടുക്കുന്നത്.



**വിഷ്ണു. എസ്.പി.,**
അഗ്രികൾച്ചറൽ ഓഫീസർ,
ഫാം ഇൻഫർമേഷൻ ബ്യൂറോ

# കേരരക്ഷാ വാരം

തെങ്ങ് നമ്മുടെ കല്പവൃക്ഷമാണെങ്കിലും ഭൂരിപക്ഷം തോട്ടങ്ങളും പരിചരണങ്ങൾ ഒന്നുമില്ലാതെ അവഗണിക്കപ്പെട്ട നിലയിലാണ് കാണപ്പെടുന്നത് . തൊഴിലാളിക്ഷാമവും കൂലിച്ചെലവും തന്നെയാണ് പ്രധാന കാരണം. അതുകൊണ്ടുതന്നെ ഇപ്പോൾ കുള്ളൻ തെങ്ങുകളും ഹൈബ്രിഡ് ഇനങ്ങളും ആണ് ജനങ്ങൾക്ക് പ്രിയം. ഒരു പരിധി വരെ കുറച്ചു വർഷമെങ്കിലും വിളവെടുപ്പെല്ലാം സ്വയം ചെയ്യാമെന്നതാണ് പ്രധാന നേട്ടം. എന്നാൽ ഉയരം കുറഞ്ഞ ഇനങ്ങളിൽ കീടങ്ങളുടെ ആക്രമണം പൊതുവേ കൂടുതലാണുതാനും. നാടൻ തെങ്ങിനങ്ങളോട് കാണിക്കുന്ന അലക്ഷ്യ ഭാവം ഇത്തരക്കാരോട് കാണിച്ചാൽ പണി കിട്ടിയത് തന്നെ. നല്ല വളപ്രയോഗം മാത്രം പോരാ, മറ്റു ആരോഗ്യസംരക്ഷണ മുറകൾ കൂടി അവലംബിച്ചാലെ ഉദ്ദേശിച്ച ഫലം ലഭിക്കുകയുള്ളൂ.

തെങ്ങിന്റെ ആരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന്റെ ഭാഗമായി കൃഷിവകുപ്പ് ഒക്ടോബർ - നവംബർ മാസങ്ങളിൽ സംസ്ഥാനമൊട്ടാകെ കേരക്ഷാവാരാചരണം സംഘടിപ്പിച്ചിരിക്കുകയാണ്. തെങ്ങു സംരക്ഷണത്തിന് തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, കീടരോഗ നിയന്ത്രണം,പച്ചില വളപ്രയോഗം, ശീമക്കൊന്ന നടീൽ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്നതാണ് വാരാചരണത്തിന്റെ പ്രധാന ലക്ഷ്യം.

ശീമക്കൊന്ന നടീൽ ഒരു പ്രത്യേക പദ്ധതിയായി തന്നെ കൃഷിവകുപ്പ് നടപ്പിലാക്കുകയാണ്. 50 ലക്ഷം തൈകൾ തൈ ഒന്നിന് രണ്ടു രൂപ ധനസഹായം നൽകിക്കൊണ്ട് സംസ്ഥാനമൊട്ടാകെയുള്ള തെങ്ങിൻ തോപ്പുകളിൽ നട്ടുപിടിപ്പിക്കുകയാണ്. 1960-കളിൽ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ജൂൺ - ജൂലൈ മാസങ്ങളിൽ ശീമക്കൊന്ന വാരാചരണം തന്നെ നടത്തിയിരുന്നു. തെങ്ങുകൾക്ക് ഉത്തമമായ ഒരു പച്ചിലവളം ആണ് ശീമക്കൊന്ന. ധാരാളം പൊട്ടാഷ് അടങ്ങിയിരിക്കുന്നതുകൊണ്ടുതന്നെ തെങ്ങിന്റെ ആരോഗ്യസംരക്ഷണത്തിന് ഉത്തമം.

മഴക്കാലം കഴിഞ്ഞാൽ തെങ്ങിൻ തടങ്ങളിൽ പുതയിടീൽ പതിവാണ്. ജൈവവസ്തുക്കൾ ക്കൊപ്പം പയർ വർഗ്ഗത്തിൽ പെട്ട ചെടികൾ വളർത്തിയും ഇത് സാധ്യമാക്കാറുണ്ട്. ശീമകൊന്ന പോലെ തന്നെ മറ്റനേകം പച്ചില വളസസ്യങ്ങളും ജൈവവളലഭ്യതക്കായി തെങ്ങിൻ തോപ്പുകളിൽ ഉപയോഗിക്കാവുന്നതാണ്. അത്തരത്തിൽ പ്രധാനപ്പെട്ട ഒരു പച്ചില വളസസ്യമാണ് പയർ വർഗ്ഗത്തിൽ പെട്ട ചെടികൾ. സാധാരണയായി പയർ വർഗ്ഗത്തിൽ പെട്ട സസ്യങ്ങൾ കൃഷിഭൂമിയിൽ വളർത്തി പുഷ്പിക്കുന്നതിനു മുൻപായി മണ്ണിൽ ഉഴുതു ചേർക്കുകയാണ് ചെയ്യുന്നത്. ഇത് മണ്ണിലെ നൈട്രജന്റെ അഥവാ പാക്യജനകത്തിന്റെ തോത് വർദ്ധിപ്പിക്കുകയും മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുകയും ചെയ്യുന്നു. സൺഹെമ്പ്, ഡെയിഞ്ച, വൻപയർ, മുംഗ്ബീൻസ് എന്നീ സസ്യങ്ങൾ പയറു വർഗ്ഗത്തിൽ പെടുന്നവയാണ്.

ഇവയുടെ വേരുകളിൽ കാണുന്ന സിം ബയോട്ടിക് ബാക്ടീരിയകൾ അന്തരീക്ഷ നൈട്രജനെ മണ്ണിൽ ലയിപ്പിച്ച് മണ്ണിന്റെ ഫലഭൂയിഷ്ഠി വർദ്ധിപ്പിക്കുന്നു.

പച്ചിലകൾ കൃഷിഭൂമിക്ക് പുറത്ത് നിന്നും കൊണ്ടുവന്നും കൃഷിഭൂമിയിൽ ചേർക്കാം .വലിയ ചെടികൾ, മരങ്ങൾ, സാമൂഹിക വനവത്കരണം, കാർഷികവനവത്കരണം എന്നിവയുടെ ഭാഗമായി നട്ടുപിടിപ്പിച്ചിട്ടുള്ള മരങ്ങൾ എന്നിവയിൽ നിന്നും പച്ചിലകൾ ശേഖരിച്ച് തെങ്ങിൻ തോപ്പുകളിൽ ഇടാം. കൃഷിയിടങ്ങളിൽ തന്നെ വൃക്ഷങ്ങൾ നട്ടുവളർത്തുന്ന രീതിയാണ് കാർഷിക വനവത്കരണം. മണ്ണ്സംരക്ഷണത്തിനും മണ്ണൊലിപ്പ് തടയുന്നതിനും ആഴങ്ങളിൽ ഉള്ള ധാതുക്കൾ വലിച്ചെടുക്കുന്നതിനും ഈ രീതി സഹായകരമാണ്. സെസ്ബാനിയ, ശീമ കൊന്ന, സുബാബുൽ, കരിമരുത് എന്നിവ ഇത്തരത്തിൽ കൃഷിയിടങ്ങളിൽ തന്നെ നട്ടു പിടിപ്പിക്കാവുന്നതാണ്

ചെറുപയർ, ഡെയിഞ്ച, സെസ്ബാനിയ തുടങ്ങിയ പച്ചിലവള ചെടികളുടെ വിത്തും കേരള രക്ഷാ വാരാചരണത്തിന്റെ ഭാഗമായി കർഷകർക്ക് നൽകുന്നുണ്ട്. തെങ്ങിൻ തടങ്ങളിൽ ഈ വിത്തുകൾ നടുന്നതിനായി തെങ്ങൊന്നിന് 6.25 രൂപ ധനസഹായവും നൽകുന്നു.

മറ്റൊരു പ്രധാന പ്രവർത്തനം കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി തുടങ്ങിയ കീടങ്ങൾക്കെതിരെയുള്ള പ്രതിരോധ മാർഗങ്ങളുടെ ബോധവൽക്കരണമാണ്. ഈ രണ്ട്കീടങ്ങളും



നമ്മുടെ തെങ്ങിൻ തോപ്പുകളിലെ ഒരു പ്രധാന പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. എന്നാൽ അല്പം ശ്രദ്ധ കേന്ദ്രീകരിച്ചാൽ ഇവയുടെ ആക്രമണം ഉണ്ടാകാതെ തടയുവാനും തെങ്ങുകളെ സംരക്ഷിക്കുവാനും കഴിയും.

## പ്രധാന പ്രതിരോധ/ നിയന്ത്രണ മാർഗങ്ങൾ

- കൃത്യമായ ഇടവേളകളിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കുകയും ചെല്ലിക്കോൽ ഉപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുകയും ചെയ്യുക.
- നാമ്പോല ഉൾപ്പെടുന്ന ഭാഗം മീൻ വല ഉപയോഗിച്ച് മൂടുകയും വലയിൽ കുടുങ്ങുന്ന വണ്ടുകളെ നശിപ്പിക്കുകയും ചെയ്യുക.നാമ്പോലക്കു താഴത്തെ നാല് അഞ്ച് ഓല കവിളുകളിൽ കൂടി ഈ വല മുറിച്ച് ചുറ്റി വയ്ക്കുക.
- ചെറിയ തൈകളുടെ ചുവട്ടിൽ ചെമ്പൻ ചെല്ലിയുടെ ആക്രമണം ഉണ്ടാകുന്നുണ്ടോ എന്നുള്ളത് കൃത്യമായി നിരീക്ഷിക്കുക.
- ചെല്ലിയുടെ പുഴുക്കൾ വളരാൻ സാധ്യതയുള്ള സമീപത്തെ വളക്കുഴികളിൽ മെറ്റാറൈസിയം എന്ന ജൈവ കുമിളിന്റെ വിത്ത് കലക്കി തളിച്ചു കൊടുക്കുക.
- ചെമ്പൻ ചെല്ലിയുടെ ആക്രമണം ശ്രദ്ധയിൽപ്പെട്ടാൽ ആ ഭാഗം വൃത്തിയാക്കി ഇമിഡാക്ലോപ്രിഡ് എന്ന കീടനാശിനി ഒരു മില്ലി / ലിറ്റർ എന്ന തോതിൽ കലക്കി സുഷിരത്തിലൂടെ തടിക്കുള്ളിലേക്ക് ഒഴിക്കുക.
- ഓല വെട്ടുമ്പോൾ പച്ച മടലുകൾ ഒരു മീറ്ററെങ്കിലും നീളം നിർത്തി മാത്രം മുറിച്ചു മാറ്റുക.
- ഈ പ്രതിരോധ പ്രവർത്തനങ്ങൾ ഒരു പ്രദേശത്തെ എല്ലാ കർഷകരും ഒരുമിച്ചു സ്വീകരിക്കുകയാണെങ്കിൽ കീടങ്ങളുടെ സാന്നിധ്യം നമ്മുടെ തെങ്ങിൻ തോപ്പുകളിൽ പൂർണമായി ഒഴിവാക്കി തെങ്ങുകളുടെ സംരക്ഷണം ഉറപ്പാക്കാം.



ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Padmam S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh